10:00 മണി എറണാകുളം, 10:10 എറണാകുളം, 06:30 വാഴാനി ഡാം, പൊന്നാനി ഡിപ്പോയുടെ 05:35 എറണാകുളം ജെട്ടി, 12:20 എറണാകുളം ജെട്ടി എന്നീ ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദാക്കിയിട്ടുണ്ട്.

(ബി) കൊടുങ്ങല്ലൂരിൽനിന്നും 13 ഷെഡ്യൂളും ഇരിങ്ങാലക്കുടയിൽ നിന്നും 10-ഉം മാളയിൽനിന്നും 2-ഉം നിലമ്പൂരിൽ നിന്നും 2-ഉം മലപ്പുറത്ത് നിന്നും 2-ഉം മണ്ണാർക്കാട് നിന്നും 1-ഉം ചിറ്റൂർ നിന്നും 2-ഉം പൊന്നാനിയിൽ നിന്നും 6-ഉം തൃശ്ശൂരിൽ നിന്നും 11-ഉം ഗുരുവായൂരിൽനിന്നും 28-ഉം അടക്കം 77 സർവ്വീസുകൾ നടത്തിവരുന്നുണ്ട്.

(സി) ബസ്സ് ലഭ്യമാക്കുമ്പോൾ ഇക്കാര്യം പരിഗണിക്കുന്നതാണ്.

വയലിടയിലേക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസിന്റെ സമയമാറ്റം

253 (7816) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി മണ്ഡലത്തിലെ വയലിടയിലേക്ക് ദീർഘകാലമായി നടത്തിവരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകളിൽ ജൂൺ 28 മുതൽ നടപ്പിലാക്കിയ മാറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ മേഖലയിലെ ജനങ്ങളുടെ നിത്യജീവിതത്തെ സാരമായി ബാധിക്കുന്ന ഷെഡ്യൂൾ മാറ്റം റദ്ദാക്കുന്നതിനും പഴയ സമയക്രമം പുനഃസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ഇപ്പോൾ വയലിടയിൽ അവസാനിപ്പിക്കുന്ന റൂട്ട് മണിച്ചേരിവരെ നീട്ടുകയാണെങ്കിൽ ദിവസവരുമാനത്തിൽ കാര്യമായ നേട്ടമുണ്ടാവുമെന്നത് പരിഗണിച്ച് ആയത് നടപ്പിലാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വരുമാനം വളരെ കുറവായതിനാൽ പഴയസ്ഥിതി പുനഃസ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇപ്പോൾ നടപ്പിൽ വരുത്തിയ പുനഃക്രമീകരണം ഗുണകരമാകുമോയെന്ന് വിലയിരുത്തിയതിനുശേഷംമാത്രമെ ടി ഷെഡ്യൂളിൽമാറ്റം വരുത്തുവാൻ കഴിയുകയുള്ളൂ.

മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

254 (7817) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണ് :

LIBRARY ARCHIVES Kerala Legislative Assembly